LIBRARY ARCHIVES Kerala Legislative Assembly

എടവണ്ണ-ആര്യൻ തൊടിക പാലം നിർമ്മാണം

61(2417) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ-ആര്യൻ തൊടിക പാലത്തിന്റെ പ്രവൃത്തിക്ക് നിർമ്മാണാനുമതി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

&

(ഡി) പാലം നിർമ്മാണത്തിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ച് പ്രവൃത്തി ഉടൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഈ പ്രവൃത്തിക്ക് 2016-ൽ ഭരണാനുമതി നൽകിയെങ്കിലും മതിയായ ബഡ്ജറ്റ് വിഹിതം നീക്കി വയ്ക്കാത്തതിനാലും ഡിസൈൻ റീവാലിഡേറ്റ് ചെയ്യേണ്ടി വന്നതിനാലും കാലതാമസം വരികയും ഭരണാനുമതി കാലഹരണപ്പെടുകയും ചെയ്തു. പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു.

കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ലൂക്കപാലം

62(2418) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ലൂക്കപാലത്തിന്റെ പ്രൊപ്പോസൽ തയ്യാറായിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

&

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച് രണ്ടുവർഷമായിട്ടും പദ്ധതിയുടെ പ്രൊപ്പോസലോ രൂപരേഖയോ തയ്യാറാക്കാതെ വകുപ്പ് സ്വീകരിച്ച മറ്റുനടപടികൾ എന്തൊക്കെ എന്നറിയിക്കാമോ?

പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് ആരാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്; സംസ്ഥാനത്തെ മറ്റ് ലൂക്കപാലങ്ങൾക്ക് ആരാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ആണ്.

(ഡി) കേരളാ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ലിമിറ്റഡ് തയ്യാറാക്കി നൽകിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പരിശോധനയിലാണ്.

കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം

63(2419) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരത്തോട് ചേർന്നുള്ള കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും തടസ്സങ്ങൾ നീക്കി നിർമ്മാണം എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

പാലത്തിന്റെ ഒരു വശത്തുനിന്നും രണ്ടുകുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായി വന്നതിനാലാണ് പദ്ധതിയിൽ കാലതാമസം നേരിട്ടത്. ടി വിഷയത്തെ സംബന്ധിച്ച് നിരവധി തവണ ജില്ലാ കളക്ടറുമായി നടത്തിയ ചർച്ചകൾക്ക് ശേഷം ഇപ്പോൾ രണ്ട് കുടുംബങ്ങളെയും ടി സ്ഥലത്ത് നിന്ന് മാറ്റിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ കാലാവധി നിലവിൽ കഴിഞ്ഞിട്ടുള്ളതാണ്. പഴയ നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ഇപ്പോൾ തയ്യാറല്ലെന്നും നിലവിലെ നിരക്കിൽ പ്രവൃത്തി തുടരാൻ അനുവദിച്ചാൽ തുടർന്ന് ചെയ്യാൻ സന്നദ്ധനാണെന്നും കരാറുകാരൻ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി തുടരുന്നതിനുള്ള സാങ്കേതിക നിർദ്ദേശത്തിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള എഞ്ചിനീയർമാർ 21-7-2021-ൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചിട്ടുള്ളതാണ്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly